**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 379** **07-10-2024 - ൽ മറുപടിയ്ക്ക്**

**പൊതുസ്ഥലങ്ങളിലെ ശുചീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതു സ്ഥലങ്ങളിൽ തെരുവ് നായ്ക്കളുടെ ശല്യം ഒഴിവാക്കുന്നതിന് ശാശ്വതമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | തെരുവുനായ ശല്യം സർക്കാർ ഗൗരവത്തോടെയാണ് കാണുന്നത്. തെരുവുനായ ശല്യം പരിഹരിക്കുന്നതിനായി 15.09.2022 തീയതിയിലെ സ.ഉ (സാധാ) നം. 2244/2022/LSGD നമ്പർ ഉത്തരവ് പ്രകാരവും അനിമൽ ബർത്ത് കൺട്രോൾ റൂൾസ് 2023 പ്രകാരവും സംസ്ഥാനത്തൊട്ടാകെ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായി തീവ്രവാക്സിനേഷൻ യജ്ഞം, അഭയ കേന്ദ്രങ്ങൾ സജ്ജമാക്കൽ, ശുചിത്വയജ്ഞം, ഐ. ഇ. സി. ക്യാമ്പയിൻ എന്നിവ നടത്തിവരുന്നു. എ. ബി. സി. പ്രോഗ്രാമിന് പദ്ധതി തുക വകയിരുത്തി ജില്ലാ പഞ്ചായത്തിനു കൈമാറുന്നു. കൂടാതെ 5 കോർപറേഷനുകളിലും (കണ്ണൂർ ഒഴികെ) എ.ബി.സി പദ്ധതി നടപ്പിലാക്കുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് വിവരം നൽകുന്നതിന്റെ അടിസ്ഥാനത്തിൽ അതാത് ജില്ലകളിലെ എ. ബി. സി. കേന്ദ്രത്തിൽ വന്ധ്യംകരണം നടത്തിവരുന്നു. 2016 മുതൽ 31.05.2024 വരെ സംസ്ഥാനത്ത് ആകെ 104256 നായ്ക്കളെ വന്ധ്യംകരണം നടത്തിയിട്ടുണ്ട്. 22 എ. ബി. സി സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം നടത്തിയിരുന്നു. ആയതിൽ ഇപ്പോൾ 15 സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. 5 സെന്ററുകളിൽ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നുണ്ട്. |
| (ബി) | പൊതു വഴികളിലെയും പൊതു ഇടങ്ങളിലെയും ശുചീകരണം നടത്തുന്നതിന് ശാശ്വതമായ സംവിധാനം നടപ്പിലാക്കുമോ; വിശദമാക്കാമോ; | (ബി) | നിലവിൽ ശുചീകരണ തൊഴിലാളികൾ ഉള്ള നഗരസഭകളിൽ പൊതുവഴികളിലും ഇടങ്ങളിലും ശുചീകരണം കൃത്യമായി നടത്തിവരുന്നു. ശുചീകരണ തൊഴിലാളികൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പ്രത്യേക ക്ലീനിംഗ് ഡ്രൈവ് നടപ്പിലാക്കി പൊതുവഴികളിലും ഇടങ്ങളിലും ശുചീകരണം നടത്തി വരുന്നുണ്ട്. കൂടാതെ MCF കളും RRF കളും സ്ഥാപിച്ച് ഹരിതകർമ്മസേനാംഗങ്ങൾ വഴി അജൈവ |

| | | | |
|---|---|---|---|
| | | | മാലിന്യശേഖരണം നടത്തുന്നുണ്ട്. മാലിന്യ നിക്ഷേപം പൊതുഇടങ്ങളിൽ ഒഴിവാക്കുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തിച്ചു വരുന്നുണ്ട്. പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി മാലിന്യം വലിച്ചെറിയുന്നവരുടെ ഫോട്ടോ/ വീഡിയോ എടുത്ത് നൽകുന്ന വ്യക്തിക്ക് പാരിതോഷികം നൽകുന്നതിനായി നടപടി സ്വീകരിച്ച് വരുന്നു. പൊതുസ്ഥലങ്ങളിൽ മാലിന്യസംസ്കരണത്തിനായി തുമ്പൂർമുഴി പോലെയുള്ള നടപടികൾ സ്വീകരിച്ച് പരിപാലിച്ച് വരുന്നു. പൊതു വഴികളിലെയും പൊതു ഇടങ്ങളിലെയും മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനതലം മുഖേന ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് നടപ്പിലാക്കി വരുന്നു. 22.07.2017 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 2511/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് നടപ്പിലാക്കുകയും ചെയ്യുന്നു. അപകടകരമായ രീതിയിൽ മാലിന്യം കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിനായി കോമൺ വാട്ട്സ്ആപ്പ് നമ്പർ-(9446700800) പദ്ധതി നടപ്പിലാക്കുകയും പൊതുജനങ്ങൾ / വ്യക്തികൾക്ക് പരാതി അറിയിക്കാവുന്നതുമാണ്. |
| (സി) | കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള 22 വാർഡുകളിലെ പബ്ലിക് മാർക്കറ്റുകളിൽ ശുചിത്വം ഉറപ്പാക്കുന്നതിനും വിൽക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (സി) | പബ്ലിക് മാർക്കറ്റുകളിൽ ശുചീകരണ തൊഴിലാളികളെ നിയോഗിച്ച് ശുചീകരണം ഉറപ്പാക്കി വരുന്നു. മാർക്കറ്റുകളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവ മാലിന്യങ്ങൾ തുമ്പൂർമുഴി /പോർട്ടബിൾ തുമ്പൂർമുഴി/ ബയോഗ്യാസ് പ്ലാന്റ് എന്നിവയിലൂടെ ശാസ്ത്രീയമായ സംസ്കരണം നടത്തിവരുന്നു. മാർക്കറ്റുകളിൽ എത്തപ്പെടുന്ന അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നഗരസഭയുടെ അംഗീകൃത ഏജൻസികൾ മുഖാന്തിരം ശാസ്ത്രീയമായി സംസ്കരണം ചെയ്യുന്നു. ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ നടപടികൾ ഫുഡ് & സേഫ്റ്റിയിൽ നിന്നും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ